# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4876 05.02.2014-ൽ മറുപടിക്ക്.

**പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള പ്രത്യേക ഘടക പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.സി.കെ.സദാശിവൻ | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) വികേന്ദ്രീകൃത ആസൂത്രണത്തിൻ കീഴിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള പ്രത്യേക ഘടക പദ്ധതിയും പട്ടികവർഗ്ഗ ഉപപദ്ധതിയും കാര്യക്ഷമമായി നടപ്പിലാക്കാൻ തയ്യാറാകുമോ; | (എ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള പ്രത്യേക ഘടക പദ്ധതിയും പട്ടികവർഗ്ഗ ഉപപദ്ധതിയും കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. |
| (ബി) 2012-13 സാമ്പത്തിക വർഷത്തെ എസ്.സി.പി.ക്കും ടി.എസ്.പി.ക്കും വേണ്ടിയുള്ള തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വിഹിതവും അതിൽ ചെലവാക്കിയ തുകയും സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിഹിതത്തിന്റെ എത്ര ശതമാനം വീതം ചെലവഴിക്കാൻ കഴിയാതെ പോയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) പരിശോധിച്ചിട്ടുണ്ട്. എസ്.സി.പി. ഫണ്ടിന്റെ 37.70% വും ടി.എസ്.പി. ഫണ്ടിന്റെ 37.37% വും ചെലവഴിച്ചിട്ടില്ല. |
| (സി) സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യാനുപാതത്തിനനുസൃതമായുള്ള വിഹിതം വികേന്ദ്രീകൃത ആസൂത്രണത്തിന് നൽകിയിട്ടുണ്ടോ; മുൻവർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് വിശദീകരിക്കുമോ | (സി) ജനസംഖ്യാനുപാതത്തിനനുസൃതമായാണ് ബഡ്ജറ്റ് പ്രകാരം വിഹിതം നൽകിയിട്ടുള്ളത് 4-ാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശ പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് 2001 സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ